**പതിമൂന്നാം കേരള നിയമസഭ**
**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത** | **01.07.2015 ൽ മറുപടി നൽകേണ്ടിയിരുന്നത്**

**നിയമസഭാ ചോദ്യം നം. 1104**

**കാസർഗോഡ് ജില്ലയിലെ ഇരിയണ്ണി പി.എ.എൽ.പി. സ്കൂൾ ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. കുഞ്ഞിരാമൻ(ഉദുമ) | | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>വിദ്യാഭ്യാസ വകുപ്പുമന്ത്രി | |
| (എ) | കാസർഗോഡ് ജില്ലയിലെ ഇരിയണ്ണി പി.എ.എൽ.പി. സ്കൂൾ ഏറ്റെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (എ) | 02.02.2011 ലെ സ.ഉ.(കൈ) 22/2011/പൊ.വി.വ. പ്രകാരം ഇരിയണ്ണി പി.എ.എൽ.പി. സ്കൂൾ ഏറ്റെടുത്ത് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്. |
| (ബി) | ഉത്തരവ് പുറപ്പെടുവിച്ചതിന് ശേഷം ഈ സ്കൂളിന്റെ പേര് ബന്ധപ്പെട്ട രേഖകളിൽ ജി.എൽ.പി. സ്കൂളായി നാമകരണം ചെയ്തിട്ടുണ്ടോയെന്നു വ്യക്തമാക്കുമോ; | (ബി) | ഇല്ല. |
| (സി) | സ്കൂൾ ഏറ്റെടുത്ത് വർഷങ്ങളായിട്ടും നിലവിലുള്ള ജീവനക്കാരെയും അദ്ധ്യാപകരെയും സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന് പി.എസ്.സി. യുമായി ആലോചിച്ച് ഇതുവരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ? വിശദാംശങ്ങൾ അറിയിക്കാമോ? | (സി) | സർക്കാർ സ്കൂൾ ഏറ്റെടുക്കുമ്പോൾ പ്രസ്തുത സ്കൂളിലെ ജീവനക്കാർ സർക്കാർ ജീവനക്കാരായിത്തന്നെ പരിഗണിക്കപ്പെടുന്നതാണ്. |

സെക്ഷൻ ഓഫീസർ

GOVERNMENT OF KERALA

128

സംഗ്രഹം

പൊതു വിദ്യാഭ്യാസവകുപ്പ് - കാസറഗോഡ്, ഇരിയണ്ണി പി.എ.എൽ.പി. സ്കൂൾ സർക്കാരിലേയ്ക്ക് ഏറ്റെടുത്ത് ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

പൊതു വിദ്യാഭ്യാസ (എൻ) വകുപ്പ്

ജി.ഒ.(കൈ) നംപർ. 22/2011/പൊ.വി.വ തീയതി, തിരുവനന്തപുരം. 02/02/2011

പരാമർശം

1. 10.04.1967 ലെ സ.ഉ(കൈ)നമ്പർ 159/67/പൊവിവ.
2. 18.11.1970 ലെ സ.ഉ(കൈ)നമ്പർ 479/70/പൊവിവ.
3. ഇരിയണ്ണി പി.എ.എൽ.പി സ്കൂൾ പി.ടി.എ 01.11.2002 ൽ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നൽകിയ നിവേദനം.
4. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 16.04.2007 ലെ എൻ.എസ്(2)/27893/07/ നമ്പർ കത്ത്.

ഉത്തരവ്

കാസറഗോഡ് ജില്ലയിലെ ഇരിയണ്ണി പി.എ.എൽ.പി. സ്കൂൾ 1952 ജൂൺ മാസത്തിൽ മുളിയാർ പീപ്പിൾസ് എഡ്യൂക്കേഷൻ സൊസൈറ്റിയുടെ അഭിമുഖ്യത്തിൽ ആരംഭിച്ചതാണെങ്കിലും പ്രസ്തുത സൊസൈറ്റിയുടെ ആകെയുള്ള 40 അംഗങ്ങളിൽ 4 പേർ മാത്രമേ ഇപ്പോൾ ജീവിച്ചിരിപ്പുള്ളൂ എന്നും സ്കൂളിന്റെ പ്രവർത്തനം തൃപ്തികരമായി മുന്നോട്ടു കൊണ്ടുപോകുന്നത് വിഷമകരമാണെന്ന കാരണത്താൽ അവശേഷിച്ചിരിക്കുന്ന അംഗങ്ങൾ 17.12.200 ൽ യോഗം ചേർന്ന് സ്കൂൾ യാതൊരു പ്രതിഫലവും കൂടാതെ ജീവനക്കാരുടെ ജോലി സുരക്ഷിതത്വം ഉറപ്പാക്കി സർക്കാരിലേയ്ക്ക് വിട്ടുകൊടുക്കുവാൻ തീരുമാനിക്കുകയും സ്കൂൾ ഏറ്റെടുത്തു നടത്തുവാൻ സർക്കാർ തുടർനടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് ഇരിയണ്ണി പി.എ.എൽ.പി സ്കൂൾ മാനേജർ സർക്കാരിന് പരാമർശം 3 പ്രകാരം നിവേദനം സമർപ്പിക്കുകയും ചെയ്തിട്ടുള്ളതാകുന്നു

2. സ്കൂൾ സംബന്ധിച്ച ദൈനംദിനകാര്യങ്ങളിൽ ശ്രദ്ധ ചെലുത്താൻ കഴിയാത്ത സാഹചര്യത്തിലാണ് സ്കൂൾ സർക്കാരിന് വിട്ടു നൽകുവാൻ മാനേജ്മെന്റ് സന്നദ്ധമായിട്ടുള്ളത്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം 4ലെ കത്തുപ്രകാരം പൊതുവിദ്യാഭ്യാസ ഡയറക്ടർ അറിയിച്ച സാഹചര്യങ്ങളിൽ പരാമർശം 1 ലെയും 2 ലെയും വ്യവസ്ഥകൾ പ്രകാരം യാതൊരു നിബന്ധനകളുമില്ലാതെ കാസറഗോഡ് ജില്ലയിലെ ഇരിയണ്ണി പി.എ.എൽ.പി സ്കൂൾ അവിടത്തെ അദ്ധ്യാപകരും അനദ്ധ്യാപകരും ഉൾപ്പെടെയുള്ള ജീവനക്കാരെ സർക്കാർ സർവ്വീസിൽ ഉൾപ്പെടുത്തുന്നതു സംബന്ധിച്ച് സ്കൂൾ ഏറ്റെടുത്തശേഷം പി.എസ്.സിയുമായി ആലോചിച്ച് തീരുമാനമെടുക്കുന്നതാണ് എന്ന വ്യവസ്ഥയിൽ ഏറ്റെടുത്ത് ഉത്തരവു പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെഉത്തരവിൻ പ്രകാരം
ജെയിംസ് വർഗ്ഗീസ്
പ്രിൻസിപ്പൽ സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ(എ & ഇ) കേരള, തിരുവനന്തപുരം.
ഉപവിദ്യാഭ്യാസ ഡയറക്ടർ, കാസറഗോഡ്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കാസറഗോഡ്.
മാനേജർ, ഇരിയണ്ണി പി.എ.എൽ.പി. സ്കൂൾ, കാസറഗോഡ്.
ധനകാര്യവകുപ്പ് (അനൗദ്യോഗിക കുറിപ്പ് നം.13041/എഡ്യു-എ1/10/ധന തീയതി 17.03.2010 പ്രകാരം)
പൊതുഭരണ(എസ്.സി) വകുപ്പ് (ഐറ്റം നമ്പർ 5680 പ്രകാരം)
കരുതൽ ഫയൽ /ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

Section Officer.